4

ആഗസ്റ്റ് 2020
ചൊവ്വ
1195 കർക്കടകം 20 1441 ദുൽ ഹജ്ജ് 14

കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 KARAVAL DAILY PUBLISHED FROM KASARAGOD കാസർകോട്•പുസ്തകം 27 •ലക്കം 136 •പേജ് 4 •വില: 5 രൂപ

30 years of Excellence
advent
MARBLES & SANITARY WARE
E-mail: adventmarbles@gmail.com www.adventmarbles.in
N.H. ROAD, THALIPADUPPU, KASARAGOD. Ph: 04994-221633

കൂട്ടക്കൊലയിൽ നാടു നടുങ്ങി

മൃതദേഹങ്ങൾ ഇൻക്വസ്റ്റിന് ശേഷം പരിയാരത്തേക്ക് കൊണ്ടുപോയി

മഞ്ചേശ്വരം: പൈവളിഗെ പഞ്ചായത്തിലെ എട്ടാം വാർഡായ കനിയാല, ഗുരുകുമേരിയിൽ മാതൃസഹോദരങ്ങളായ നാലു പേരെ യുവാവ് വെട്ടിക്കൊലപ്പെടുത്തിയ സംഭവം നാടിനെ നടുക്കി. വിവരമറിഞ്ഞ് നൂറുകണക്കിന് പേർ സ്ഥലത്തേയ്ക്ക് ഒഴുകിയെത്താൻ ശ്രമിച്ചുവെങ്കിലും നിരോധനാജ്ഞ നിലനിൽക്കുന്നതിനാൽ പലരും ഉദ്യമം ഉപേക്ഷിച്ച് മടങ്ങി. ഇന്നലെ വൈകുന്നേരം 6.30 മണിയോടെയായിരുന്നു കൂട്ടക്കൊല. കല്ലുകെട്ടുതൊഴിലാളിയായ ബാബു (72), കൂലിപ്പണിക്കാരനായ വിട്ല (70), ദേവകി (58), കൂലിപ്പണിക്കാരനായ സദാശിവ (53) എന്നിവരാണ് കൊല്ലപ്പെട്ടത്. കൊല്ലപ്പെട്ടവരുടെ സഹോദരി ലക്ഷ്മിയുടെ മകൻ ഉദയനാണ് നാലു പേരെയും മഴുകൊണ്ടും കത്തികൊണ്ടും വീട്ടിനകത്ത് വെട്ടിക്കൊലപ്പെടുത്തിയത്. സംഭവത്തിന് ശേഷം ചോര പുരണ്ട വസ്ത്രങ്ങളും കൊലയ്ക്ക് ഉപയോഗിച്ച കത്തിയും മഴുവുമായി ഉദയൻ നടന്ന് കനിയാല ജംഗ്ഷനിലെത്തി അങ്ങുമിങ്ങും നടക്കുന്നതാണ് നാട്ടുകാർ കണ്ടത്. ഇയാളെ അനുനയിപ്പിക്കാൻ പലരും ശ്രമിച്ചുവെങ്കിലും ആദ്യം വഴങ്ങിയില്ല. കൂടുതൽ ആൾക്കാർ സ്ഥലത്തെത്തിയതോടെ അനുനയം ഫലം കണ്ടു. ആയുധം

ബാബു

ദേവകി

വിട്ല


സദാശിവ

കൈക്കലാക്കിയ ശേഷം ഉദയനെ പിടികൂടി കെട്ടിയിട്ടു. ഇതിനിടയിൽ വിവരമറിഞ്ഞ് അതിർത്തിയിൽ പട്രോളിംഗിലായിരുന്ന കുമ്പള പൊലീസ് ഇൻസ്പെക്ടർ പ്രമോദും സംഘവുമെത്തി ഉദയനെ കസ്റ്റഡിയിലെടുത്തു.

കൂട്ടക്കൊല നടന്ന വീട്ടിൽ പൊലീസ് പരിശോധന നടത്തുന്നു

രാത്രിയിൽ കൂട്ടക്കൊല നടന്ന വീടിന് പൊലീസ് കാവൽ ഏർപ്പെടുത്തി.

ഇന്നു രാവിലെ ആരോഗ്യ വകുപ്പ് ജീവനക്കാരുടെ സഹായത്തോടെ ഇൻക്വസ്റ്റ് പൂർത്തിയാക്കി മൃതദേഹങ്ങൾ പരിയാരത്തേക്ക് മാറ്റി. കോവിഡ് പരിശോധനയ്ക്ക് ശേഷമായിരിക്കും പോസ്റ്റുമോർട്ടം നടക്കുക. പ്രേമയാണ് കൊല്ലപ്പെട്ട ബാബുവിന്റെ ഭാര്യ. മക്കളില്ല. സഹോദരങ്ങളായ വിട്ല, സദാശിവയും അവിവാഹിതരാണ്. നാഗേഷിന്റെ ഭാര്യയാണ് ദേവകി. ഇവർക്ക് ഒരു മകളുണ്ട്; ജ്യോതി. കണ്വതീർത്ഥയിലെ ഗിരീഷിന്റെ ഭാര്യയാണ്.

കൂട്ടക്കൊല ശല്യം സഹിക്കാൻ കഴിയാതെയെന്ന് പ്രതിയുടെ മൊഴി

മഞ്ചേശ്വരം: ശല്യം സഹിക്കാൻ കഴിയാത്തതു കൊണ്ടാണ് മാതാവിന്റെ സഹോദരങ്ങളായ നാലു പേരെ കൊലപ്പെടുത്തിയതെന്നു കസ്റ്റഡിയിലായ പ്രതി ഉദയൻ പൊലീസിനു മൊഴി നൽകി. സ്ഥിരമായി കഴിക്കുന്ന മരുന്ന് ഇല്ലാതെ കുറേ ദിവസമായെന്നും ഇക്കാര്യം പറഞ്ഞിരുന്നുവെന്നും പ്രതി മൊഴി നൽകിയതായും പൊലീസ് വൃത്തങ്ങൾ പറഞ്ഞു. വീട്ടിൽ ഉണ്ടാക്കിവച്ച കോടാലികളിൽ ഒന്നാണ് പ്രതി കൂട്ടക്കൊല നടത്താൻ ഉപയോഗിച്ചതെന്നു അന്വേഷണത്തിൽ കണ്ടെത്തിയതായും പൊലീസ് കൂട്ടിച്ചേർത്തു.

"ദൈവമേ നൊന്തുപെറ്റ മകൻ എന്തിനിതു ചെയ്തു"

ലക്ഷ്മിയെയും മാതൃസഹോദരി പുത്രിയെയും ആശ്വസിപ്പിക്കാനാകാതെ നാട്ടുകാർ

ലക്ഷ്മി സഹോദരിയുടെ മകൾ ജ്യോതിക്കൊപ്പം

മഞ്ചേശ്വരം: "ദേവറേ, ഹെത്തുസലഹിദ മകയാക്കേ ഹീഗെ മാടിദ?

നമികെ ഇന്നു യാരു ഗതി? ദൈവമേ നൊന്തുപെറ്റ മകൻ എന്തിനു ഇതു ചെയ്തു? ഞങ്ങളെ ഇനി ആരു നോക്കും? നാലു മാതൃസഹോദരങ്ങളെ വെട്ടിക്കൊന്ന ഉദയന്റെ മാതാവ് ലക്ഷ്മി നെഞ്ചത്തടിച്ചു വിലപിക്കുകയാണ്. കൂടെ കൊല്ലപ്പെട്ട ദേവകിയുടെ മകൾ ജ്യോതിയും വാവിട്ടു കരയുമ്പോൾ കണ്ടു നിൽക്കാൻ കഴിയാതെ കണ്ണീരൊഴുക്കുകയാണ് നാട്ടുകാർ.

ഇന്നലെ വൈകുന്നേരം നാടിനെ ഞെട്ടിച്ചു കൊണ്ട് നടന്ന കൂട്ടക്കൊലപാതകത്തിൽ നിന്നു തലനാരിഴയ്ക്കു രക്ഷപ്പെട്ടതാണ് ലക്ഷ്മി. സഹോദരങ്ങളായ ബാബു, ദേവകി, വിട്ല, സദാശിവ എല്ലാവരും വീട്ടിനകത്ത് ടി.വി കാണുകയായിരുന്നു. ലക്ഷ്മി വീട്ടിനു പുറത്തു അടയ്ക്ക പൊളിക്കുകയായിരുന്നു. ഇതിനിടയിലാണ് ലക്ഷ്മിയുടെ മകൻ ഉദയൻ വീട്ടിലെത്തിയത്. പ്രകോപിതനായ ഉദയൻ മാതാവിന്റെ സഹോദരനായ ബാബുവിന്റെ കഴുത്തിലാണ് ആദ്യം മഴുകൊണ്ടു വെട്ടിയത്. തടയാൻ ശ്രമിക്കുന്നതിനിടയിൽ മറ്റു മൂന്നു പേരെയും മഴുകൊണ്ടും കത്തികൊണ്ടും വെട്ടി വീഴ്ത്തി. നിലവിളിയും കൊലവിളിയും കേട്ട് അടയ്ക്ക പൊളിക്കുന്നതു നിർത്തി ലക്ഷ്മി ഓടി എത്തി.

ഇതോടെ കൊലക്കത്തിയുമായി ഉദയൻ മാതാവിനു നേരെ തിരിഞ്ഞു. താനും അക്രമിക്കപ്പെടുമെന്നു ഉറപ്പായതോടെ പ്രാണനും കൊണ്ട് വീട് വിട്ടോടി. അയൽപക്കത്തുള്ള വീട്ടിൽ അഭയം തേടി. വിവരമറിഞ്ഞ് നാട്ടുകാർ വീട്ടിലേയ്ക്കോടിയെത്തി. വീട്ടിനകത്തു കണ്ട ദാരുണമായ കാഴ്ച ഒരു നോക്കു കണ്ടവരൊക്കെ വിങ്ങിപ്പൊട്ടി. ഇതിനിടയിൽ കൊല്ലപ്പെട്ട ദേവകിയുടെ മകൾ ജ്യോതി കണ്വതീർത്ഥയിലുള്ള ഭർത്താവിന്റെ വീട്ടിൽ നിന്നുമെത്തി.

കൂട്ടക്കൊല നടന്ന വീട്ടിനകത്തു കയറാനാകാതെ ലക്ഷ്മി അഭയം തേടി അയൽവീട്ടിലെത്തി. മാതൃസഹോദരി ദേവകിക്കൊപ്പം കരഞ്ഞും നിലവിളിച്ചും കഴിയുകയാണ് ജ്യോതിയും.

അതിർത്തി അടച്ചത് വിനയായി; ഉദയനെ പ്രകോപിതനാക്കിയത് മരുന്നു കിട്ടാത്തതു മൂലമെന്നു സംശയം

ഉദയൻ

മഞ്ചേശ്വരം: മാനസിക അസ്വാസ്ഥ്യത്തിനു 20 വർഷമായി മംഗ്ളൂരുവിൽ നിന്നു ചികിത്സയും മരുന്നും എടുത്തുവരികയായിരുന്നു ഉദയനെന്നു ബന്ധുക്കളും നാട്ടുകാരും സൂചിപ്പിച്ചു. മരുന്നു കഴിക്കുന്നതിനാൽ മറ്റു പ്രശ്നങ്ങളൊന്നും ഉണ്ടാക്കിയിരുന്നില്ല. എന്നാൽ വീട്ടുകാരുമായും നാട്ടുകാരുമായും അടുത്ത് ഇടപഴകാനോ സംസാരിക്കാനോ ഉദയൻ വിമുഖത കാണിച്ചിരുന്നതായി പറയുന്നു. രാവിലെ തന്നെ വീട്ടിൽ നിന്നു ഇറങ്ങുന്ന സ്വഭാവക്കാരനായിരുന്നു ഇയാൾ. ചിലപ്പോൾ കൂലിപ്പണിയെടുക്കും. മിക്കപ്പോഴും പുറമെ നിന്നു ഭക്ഷണം കഴിച്ച് വൈകുന്നേരത്തോടെ വീട്ടിലെത്തുകയായിരുന്നു പതിവ്. എന്നാൽ കോവിഡ് വ്യാപനത്തെ തുടർന്ന് തലപ്പാടി അതിർത്തി അടച്ചതിനാൽ മരുന്നോ, ചികിത്സയോ കിട്ടാത്ത അവസ്ഥയിലായിരുന്നു ഉദയൻ. ചിലപ്പോൾ നാട്ടിൽ നിന്നു മരുന്നു വാങ്ങി കഴിച്ചിരുന്നുവെങ്കിലും ഉദയന്റെ മാനസിക സംഘർഷവും സമ്മർദ്ദവും പൂർണ്ണമായും ഇല്ലാതാക്കാൻ കഴിഞ്ഞിരുന്നില്ല. ഏതാനും ദിവസങ്ങളായി പ്രകോപിതനായ അവസ്ഥയിലാണ് ഉദയൻ വീട്ടിൽ എത്തിയിരുന്നത്. ഏതാനും ദിവസം മുമ്പ് പ്രകോപിതനായ ഇയാൾ എല്ലാവരെയും കൊല്ലുമെന്ന് പറഞ്ഞിരുന്നതായി പറയുന്നു. എന്നാൽ ഉദയന്റെ ഭീഷണി വീട്ടുകാരും മാതാവും അത്ര കാര്യമാക്കിയിരുന്നില്ല.

മുള്ളേരിയയിൽ ഒരു വീട്ടിലെ ഏഴുപേർക്ക് കോവിഡ്

മുള്ളേരിയ: മുള്ളേരിയിൽ കൊറോണ രോഗ ബാധിതനായിരുന്ന വ്യാപാരി മിനിഞ്ഞാന്നു രോഗമുക്തനായി തിരിച്ചെത്തിയെങ്കിലും ഇദ്ദേഹത്തിന്റെ വീട്ടിലെ ഏഴ് അംഗങ്ങൾക്കും കോവിഡ് സ്ഥിരീകരിച്ചു.

മുള്ളേരിയ പരിസരങ്ങളിലും ബള്ളൂരിലും നിയന്ത്രണം കടുപ്പിക്കാൻ അധികൃതർ ആലോചിക്കുന്നു.

കോവിഡ്: മുള്ളേരിയ ബെള്ളൂർ പി എച്ച് സി കൾ അടച്ചു

മുള്ളേരിയ: മുള്ളേരിയ, ബെള്ളൂർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ അടച്ചു. രണ്ടിടത്തേയും ഫാർമസികൾക്കു കോവിഡ് സ്ഥിരീകരിച്ചതിനെത്തുടർന്നാണിത്. പള്ളപ്പാടിയിലെ ഒരു ബാർബർ ഷാപ്പുടമക്കും കോവിഡ് ബാധിച്ചു. ഇതു നാട്ടിൽ ആശങ്ക പരത്തിയിട്ടുണ്ട്.

കോവിഡ്: തൃക്കരിപ്പൂർ സ്വദേശി ഉൾപ്പെടെ മൂന്നുപേർ കൂടി മരിച്ചു

ഡി.ഐ.ജി കാസർകോട്ടേക്ക്

ഡി.ഐ.ജി.കെ സേതുരാമനാണ്. അദ്ദേഹം ഉടൻ കാസർകോട്ടെത്തും. കോവിഡ് ബാധിത പ്രദേശങ്ങളിൽ പൊലീസ് ശക്തമായ നടപടി സ്വീകരിക്കും. ബൈക്ക് പട്രോളിംഗ് ഉണ്ടാകും.

രോഗബാധിതരുമായി സമ്പർക്കമുണ്ടായവർ വീടുകളിൽ തന്നെ കഴിയുന്നുണ്ടെന്നു ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾക്കാണ് പൊലീസ് മുൻ തൂക്കം നൽകുന്നത്.

തിരു: സംസ്ഥാനത്ത് ഇന്നു മൂന്നുപേർ കൂടി കോവിഡ് ബാധിച്ച് മരിച്ചു. തൃക്കരിപ്പൂർ സ്വദേശി എ.പി. അബ്ദുൽ ഖാദർ (70), വടകര വെള്ളിക്കുളങ്ങരയിലെ സുലൈഖ (60), തിരുവനന്തപുരം സ്വദേശി പോൾ ജോസഫ് (70) എന്നിവരാണ് മരിച്ചത്.

അബ്ദുൽ ഖാദർ പരിയാരത്തും സുലൈഖ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലുമാണ് മരിച്ചത്. മരിച്ച മൂന്നുപേരും വിവിധ അസുഖങ്ങൾക്കുള്ള ചികിത്സയിലായിരുന്നു. ഇതിനിടയിലാണ് കോവിഡ്ബാധ ഉണ്ടായത്.

തൃക്കരിപ്പൂർ, ആയിറ്റി ഹുദാനഗർ സ്വദേശിയാണ് എ.പി.അബ്ദുൽ ഖാദർ.ഭാര്യ: മറിയുമ്മ. മക്കൾ: ഹരിന, ഹാഷിബ. മരുമക്കൾ: സൈനുൽ ആബിദ്, ഇസ്മായിൽ.ഇതിനിടയിൽ സംസ്ഥാനത്ത് സമ്പർക്കത്തിലൂടെ കോവിഡ് ബാധിതരുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ പൊലീസ് നടപടി ആരംഭിച്ചു. സംസ്ഥാന നോഡൽ ഓഫീസറായി കൊച്ചി സിറ്റി പൊലീസ് കമ്മീഷണർ വിജയ സഖാറെയെ നിയമിച്ചു. കാസർകോട് ജില്ലയുടെ ചുമതല

കോവിഡ് ബാധിക്കുമെന്ന പേടിയിൽ ഗൃഹനാഥൻ കുളത്തിൽ ചാടി ജീവനൊടുക്കി

ബന്തടുക്ക: കോവിഡ് ബാധിക്കുമെന്ന് ഭയന്ന് ഗൃഹനാഥൻ കുളത്തിൽ ചാടി ജീവനൊടുക്കി. ബന്തടുക്ക, മാണിമൂല, തലപ്പള്ളത്തെ പരേതനായ നാരായണഭട്ട്-ജി.ജയലക്ഷ്മി ദമ്പതികളുടെ മകൻ സുബ്രഹ്മണ്യഭട്ട് (50)ആണ് വീടിനു സമീപത്തെ കിണറ്റിൽ ചാടി മരിച്ചത്.

ഇന്നലെ രാത്രി ഭക്ഷണം കഴിച്ച് ഉറങ്ങാൻ കിടന്നതായിരുന്നു. രാവിലെ കാണാത്തതിനെ തുടർന്ന് തെരച്ചിൽ നടത്തുന്നതിനിടയിലാണ് കുളത്തിൽ മൃതദേഹം കാണപ്പെട്ടത്.കോവിഡ് രോഗം ബാധിക്കുമെന്ന് ഭയമുള്ളതുകൊണ്ടാണ് ജീവനൊടുക്കിയതെന്നു കുറിപ്പ് എഴുതി വച്ചാണ് സുബ്രഹ്മണ്യഭട്ട് ജീവനൊടുക്കിയതെന്നു ബേഡകം പൊലീസ് പറഞ്ഞു.

ഭാര്യ: കാർത്യായനി. മകൻ: വിഷ്ണു (മൂന്നാം ക്ലാസ് വിദ്യാർത്ഥി). സഹോദരങ്ങൾ: ഗോപാലകൃഷ്ണഭട്ട്, ശ്യാംഭട്ട്, ശാരദ, പരേതരായ ശങ്കരനാരായണഭട്ട്, ഗണേഷ് പ്രസാദ്, ശങ്കരി.

ബേഡകം എസ്.ഐ കെ.മുരളീധരന്റെ നേതൃത്വത്തിൽ മൃതദേഹം ഇൻക്വസ്റ്റ് നടത്തി പോസ്റ്റുമോർട്ടത്തിനായി ജനറൽ ആശുപത്രിയിലേക്കു മാറ്റി.

കർണ്ണാടക മദ്യം പിടിച്ചു

കാസർകോട്:ബദ്രഡുക്ക എസ്.സി കോളനിക്കടുത്തു നിന്ന് 6.84 ലിറ്റർ കർണ്ണാടക മദ്യം എക്സൈസ് സംഘം പിടിച്ചു. 138 പാക്കറ്റ് മദ്യമാണ് പിടിച്ചത്. ഗുരുപ്രസാദ് എന്നയാൾക്കെതിരെ കേസെടുത്തു.

ധന്വന്തരി കേന്ദ്രത്തിന്റെ ചുറ്റുമതിൽ തകർന്നു

കാസർകോട്: ജനറലാശുപത്രിക്കു മുന്നിലെ ധന്വന്തരി കേന്ദ്രത്തിന്റെ ചുറ്റുമതിൽ മഴക്കു തകർന്നു. ഇതോടെ എം.ജി റോഡിലെ കാൽനടപ്പാത തടസ്സപ്പെട്ടു.

വനമാല കേശവഭട്ട് അന്തരിച്ചു

അഡൂർ: എഴുത്തുകാരനും യക്ഷഗാന കലാകാരനും പ്രശസ്ത കർഷകനുമായ കീരിക്കാട് വനമാല കേശവഭട്ട് (83) അന്തരിച്ചു.

ദേലമ്പാടി സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രഥമ പ്രസിഡണ്ടായിരുന്നു. സാമൂഹ്യ-സാഹിത്യ- യക്ഷഗാന വിഷയങ്ങളിൽ നിരവധി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. യക്ഷഗാന പഠിതാക്കൾക്കു വേണ്ടി പ്രത്യേക പഠനകേന്ദ്രം സ്ഥാപിച്ചിരുന്നു. ബനാരി ശ്രീ ഗോപാലകൃഷ്ണ യക്ഷഗാന സംഘത്തിന്റെ സ്ഥാപക പ്രസിഡന്റായിരുന്നു. ദേലമ്പാടിയിൽ റബ്ബർ കർഷക സൊസൈറ്റി രൂപീകരിച്ചത് ഇദ്ദേഹമായിരുന്നു.

ഭാര്യ: വെങ്കടേശ്വരി. മക്കൾ: വിഷ്ണുകീർത്തന, കുമാരകൃപ, നന്ദകിശോര, ഡോ. അന്നപൂർണേശ്വരി, കാർത്യായനി. മരുമക്കൾ: ചന്ദ്രശേഖര ഏത്തടുക്ക, ഉദയശങ്കര, പൂർണ്ണിമ, വിദ്യ, ഉഷ. സഹോദരങ്ങൾ; ഡോ. രമാനന്ദ ബനാരി, വിശ്വവിനോദ ബനാരി, മനമോഹന(മുൻകർണ്ണാടക ജഡ്ജി), ശിവകുമാര, ഗണരാജ, കൃഷ്ണമുരാരി, ഭുവനമാത, ശശികല, പുഷ്പഗന്ധിനി, ചന്ദ്രിക.

പുല്ലൂർ പെരിയയിലും കോവിഡ് മരണം

കാഞ്ഞങ്ങാട്: പുല്ലൂർ-പെരിയ പഞ്ചായത്തിലും കോവിഡ് മരണം; ചാലിങ്കാലിൽ താമസിക്കുന്ന മുൻ പ്രവാസി പള്ളിപ്പുഴ ഷംസുദ്ദീൻ (52) ആണ് മരിച്ചത്. വൃക്ക സംബന്ധമായ അസുഖത്തിനു പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. തിരിച്ച് വീട്ടിലെത്തിയ ഷംസുദ്ദീനു പനി ബാധിക്കുകയും കഴിഞ്ഞ മാസം 30ന് മൂർച്ഛിക്കുകയും ചെയ്തു. തുടർന്ന് വീണ്ടും പരിയാരം ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തുടർന്നു നടത്തിയ പരിശോധനയിലാണ് ഷംസുദ്ദീനും ഭാര്യയ്ക്കും കോവിഡു ബാധിച്ചതായി സ്ഥിരീകരിച്ചത്. ഇരുവരും പരിയാരത്ത് ചികിത്സ തുടരുന്നതിനിടയിലാണ് ഇന്നലെ ഉച്ചയ്ക്കു ഷംസുദ്ദീൻ മരിച്ചത്. മകൾ: ഷഫിദ, ഫാത്തിമ, മൂസ, ഹിഷാം, മുഹമ്മദ്. ഖബറടക്കം കോവിഡ് പ്രോട്ടോകോൾ പ്രകാരം ചാലിങ്കാൽ ജുമാമസ്ജിദ് പരിസരത്ത് നടന്നു.

അന്തുക്കാ